പട്ടാപ്പകൽ ചൂട്ട് കത്തിച്ച് മാർച്ചും മൂക്ക്പൊത്തി സമരവും 13ന്

ചപ്പാരപ്പടവ്: തെരുവുവിളക്കുകൾ പ്രകാശിപ്പിക്കുക, മാലിന്യ പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണുക എന്നീ മുദ്രാവാക്യങ്ങളുയർത്തി എൽ.ഡി.എഫ് നേതൃത്വത്തിൽ പട്ടാപ്പകൽ ചൂട്ട് കത്തിച്ച് മാർച്ചും മൂക്ക്പൊത്തി സമരവും 13ന് രാവിലെ 10 മണിക്ക് ചപ്പാരപ്പടവ് പഞ്ചായത്ത് ഓഫീസിലേക്ക് നടക്കും. കെ.എം.ജോസഫ് ഉദ്ഘാടനം ചെയ്യും.

പി.ആർ.രാമവർമ്മരാജ അനുസ്മരണ സമ്മേളനം 11ന്

ആലക്കോട്: ആലക്കോട് പി.ആർ.രാമവർമ്മരാജയുടെ 17-ാം ചരമ വാർഷികത്തോടനുബന്ധിച്ച് രാമവർമ്മരാജ ചാരിറ്റബിൾ ട്രസ്റ്റ് സംഘടിപ്പിക്കുന്ന അനുസ്മരണ സമ്മേളനം 11ന് വൈകുന്നേരം നാല് മണിക്ക് ആലക്കോട് വ്യാപാരഭവൻ ഹാളിൽ നടക്കും. ട്രസ്റ്റ് ചെയർമാൻ കെ.ഗോപാലകൃഷ്ണൻ മാസ്റ്ററുടെ അധ്യക്ഷതയിൽ ഡോ.ആർ.സി.കരിപ്പത്ത് ഉദ്ഘാടനം ചെയ്യും. മോളി മാനുവൽ, അജിത്രാമവർമ്മ, പി.കെ.ഗിരിജാമണി ടീച്ചർ, സി.ഭാസ്കരൻ മാസ്റ്റർ, കെ.പി.കേശവൻ മാസ്റ്റർ, കെ.സുധാകരൻ നായർ, വി.ജി.സോമൻ പ്രസംഗിക്കും. സി.മോഹനൻ സ്വാഗതവും കെ.എസ്.തുളസീധരൻ നന്ദിയും പറയും

എ.ഐ.വൈ.എഫ് സമര സാക്ഷ്യം 15ന് ആലക്കോട്

ആലക്കോട്: അടിമത്തമല്ല സ്വാതന്ത്ര്യം, പോരാട്ടമാണ് ജീവിതം എന്ന മുദ്രാവാക്യമുയർത്തി എ.ഐ.വൈ.എഫ് മണ്ഡലം കമ്മിറ്റി സംഘടിപ്പിക്കുന്ന സമരസാക്ഷ്യം 15ന് വൈകുന്നേരം നാല് മണിക്ക് ആലക്കോട് ടൗണിൽ നടക്കും. സി.പി.ഐ ജില്ലാ അസി.സെക്രട്ടറി കെ.ടി.ജോസ് ഉദ്ഘാടനം ചെയ്യും.

കുട്ടനാട്ടിലെ ദുരിതബാധിതർക്ക് നൽകാനുള്ള അൽക്കയുടെ കിറ്റുകൾ കെ.ആർ. രഞ്ജിത്ത് ഏറ്റുവാങ്ങുന്നു.

ദുരിതബാധിതർക്ക് കിറ്റുകൾ നൽകും

ആലക്കോട്: കുട്ടനാട്ടിൽ പ്രളയക്കെടുതി നേരിടുന്നവർക്ക് അലുമിനിയം ലേബർ കോൺട്രാക്ട് അസോസിയേഷൻ (അൽക്ക) ആലക്കോട് മേഖലാ കമ്മിറ്റി ആഭിമുഖ്യത്തിൽ ഭക്ഷ്യ ഉൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ള കിറ്റുകൾ ശേഖരിച്ച് നൽകുന്നു. മെമ്പർമാരിൽ നിന്ന് സമാഹരിച്ച കിറ്റുകൾ മേഖലാ പ്രസിഡണ്ട് കെ.ആർ. രഞ്ജിത്ത് ഏറ്റുവാങ്ങി. ബിനോ കുര്യാക്കോസ്, ബീനീഷ് രാജ്, ലിജോ ജോൺ പ്രസംഗിച്ചു.

കർഷകർക്ക് നഷ്ടപരിഹാരം നൽകണം

കണ്ണൂർ: കാലവർഷക്കെടുതിയിൽ നാശം നേരിട്ട കർഷകർക്ക് അടിയന്തര സഹായധനം അനുവദിക്കണമെന്ന് കേരള കർഷക ഫെഡറേഷൻ ജില്ലാ കമ്മിറ്റി സർക്കാരിനോടാവശ്യപ്പെട്ടു. സി.എം.പി. ജില്ലാ ജോയിന്റ് സെക്രട്ടറി കെ.വി. വിജയൻ, ആർ. ഭാസ്ക്കരൻ, കെ. മുഹമ്മദ് റാഫി, വി. രാജു ഇരിക്കൂർ, ബാബു ചാലറത്തുംകണ്ടി, മൊടപ്പത്തി ബാലൻ, എം. രാധാകൃഷ്ണൻ, കെ. തമ്പാൻ സംസാരിച്ചു.

രാമായണ മഹോത്സവം 12ന്

തളിപ്പറമ്പ: തളിപ്പറമ്പ് ഭഗവതി ക്ഷേത്രത്തിന്റെയും ആധ്യാത്മിക വാട്സ്ആപ്പ് കൂട്ടായ്മയുടെയും ആഭിമുഖ്യത്തിൽ 12ന് രാമായണ മഹോത്സവം സംഘടിപ്പിക്കുമെന്ന് സംഘാടകർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. സംസ്ഥാന വ്യാപകമായുള്ള വാട്സ്ആപ്പ് കൂട്ടായ്മയിൽ ഏഴ് ഗ്രൂപ്പുകളിലായി 1500 മെമ്പർമാരാണ് ഉള്ളത്. ആദ്ധ്യാത്മിക രംഗത്തെ പ്രശ്നങ്ങൾ മാത്രമാണ് കൈകാര്യം ചെയ്യുന്നത്. പുലർച്ചെ അഞ്ച് മണി മുതൽ ടൗൺ സ്ക്വയറിൽ സമ്പൂർണ്ണ രാമായണ യജ്ഞവും ഉച്ചക്ക് രണ്ട് മണിക്ക് ഭഗവതി ക്ഷേത്രത്തിൽ ജില്ലാതല രാമായണ പ്രശ്നോത്തരിയും നടക്കും. രഘുനാഥൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യും. എം.ജി. വിനോദ്, ഭഗവതി ക്ഷേത്രം പ്രസിഡണ്ട് എ.കെ. രഘുനാഥൻ പ്രസംഗിക്കും. പി. ദേവി സ്വാഗതവും എം.ജി. ശ്രീജിത്ത് നന്ദിയും പറയും. വൈകുന്നേരം 5.30ന് ടൗൺ സ്ക്വയറിൽ നടക്കുന്ന അധ്യാത്മിക സദസ് സ്വാമി അമൃതകൃപാനന്ദപുരി ഉദ്ഘാടനം ചെയ്യും. രാജരാജേശ്വരി ക്ഷേത്രം തന്ത്രി ഇടവലത്ത് പുടയൂർ കുബേരൻ നമ്പൂതിരിപ്പാട് അധ്യക്ഷത വഹിക്കും.

വാർത്താസമ്മേളനത്തിൽ എം.ജി. വിനോദ്, എ.കെ. രാഘുനാഥൻ, ഇ. ധനേഷ്, എം.ജി. ശ്രീജിത്ത് പങ്കെടുത്തു.

വോട്ടെടുപ്പിലൂടെ സ്കൂൾ ലീഡറെ തിരഞ്ഞെടുത്തു

കുറുമാത്തൂർ: പുല്ലാഞ്ഞ്യോട് എ.എൽ.പി സ്കൂൾ ലീഡറെ വോട്ടെടുപ്പിലൂടെ തിരഞ്ഞെടുത്തു. നാമനിർദേശ പത്രിക സമർപ്പിച്ച് തിരഞ്ഞെടുപ്പ് പ്രചരണവും നടത്തിയായിരുന്നു ഇലക്ഷൻ. അസംബ്ലിയിൽ വെച്ചു തന്നെ സ്ഥാനാർത്ഥികളുടെ നയപ്രഖ്യാപനം നടന്നു. എല്ലാ കുട്ടി വോട്ടർമാരും വോട്ടു ചെയ്തു. ബൂത്ത് ഏജന്റുമാരായും റിട്ടേണിംഗ് ഓഫീസർമാരായും കുട്ടികൾ തന്നെയായിരുന്നു. തുടർന്ന് ബാലറ്റ് പെട്ടി പൊട്ടിച്ച് വോട്ടെണ്ണി. ഭൂരിപക്ഷം നോക്കിയാണ് ലീഡറെ പ്രഖ്യാപിച്ചത്.

ഫാമിലി ക്ലബ് സ്ഥാനാരോഹണവും അനുമോദനവും

ആലക്കോട്: പരപ്പ ഫാമിലി ക്ലബിന്റെ 2018 -19 വർഷത്തെ ഭാരവാഹികളുടെ സ്ഥാനാരോഹണവും എസ്.എസ്.എൽ.സി, പ്ലസ്ടു ഉന്നത വിജയികളെ ആദരിക്കലും നടന്നു. ഡെന്നീ മണ്ണൂരിന്റെ അധ്യക്ഷതയിൽ ടോമി അയിത്തമറ്റം ഉദ്ഘാടനം ചെയ്തു. സിബി ഞാവള്ളിയിൽ സ്വാഗതം പറഞ്ഞു. റോയി ചക്കാനിക്കുന്നേൽ (പ്രസിഡണ്ട്), മനോജ് നെല്ലിമലമറ്റം (വൈസ് പ്രസിഡണ്ട്, സുനിൽ ചെന്നിക്കര (സെക്രട്ടറി), രഞ്ചൻ അരിമറ്റംവയലിൽ (ജോയിന്റ് സെക്രട്ടറി), ജോയൽ പരുവനാനിക്കൽ (ട്രഷറർ) എന്നിവരുടെ നേതൃത്വത്തിലുള്ള ഭാരവാഹികളാണ് സ്ഥാനമേറ്റത്.

ആലക്കോട് പാലം നിർമ്മാണം; സർവ്വേ നടത്തി

ആലക്കോട്: കാലപ്പഴക്കത്താൽ തകർച്ചയിലായ ആലക്കോട് പാലം പുനർനിർമ്മിക്കുന്നതിന്റെ ഭാഗമായി സർവ്വേ നടത്തി. പാലത്തിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനായി തളിപ്പറമ്പ് താലൂക്ക് സർവെയർ ഉണ്ണികൃഷ്ണൻ, ആലക്കോട് വില്ലേജ് ഓഫീസർ ജോസ് പള്ളിക്കുന്നേൽ എന്നിവരുടെ നേതൃത്വത്തിലാണ് സർവ്വേ നടത്തിയത്. പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ ഭരതൻ, ഓവർസിയർ ആൽബർട്ട്, ആലക്കോട് പാലം ആക്ഷൻ കമ്മിറ്റി കൺവീനർ കെ.പി. സാബു, ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, റവന്യൂ, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുത്തു. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ആലക്കോട്, കരുവഞ്ചാൽ, ചാണോക്കുണ്ട് പാലങ്ങളുടെ നിർമ്മാണ പ്രവർത്തികൾ ഉടൻ ആരംഭിക്കുന്നതിനാണ് ശ്രമം നടക്കുന്നത്.

നിയമപഠന ക്ലാസും ബാലജനവേദി ഉദ്ഘാടനവും 11ന്

തളിപ്പറമ്പ: ലീഗൽ സർവ്വീസസ് കമ്മിറ്റിയുടെയും സബർമതി അക്കാദമിയുടെയും ആഭിമുഖ്യത്തിൽ സബർമതി ബാലജനവേദിയുടെയും നിയമപഠന ക്ലാസിന്റെയും ഉദ്ഘാടനം 11ന് രാവിലെ പത്ത് മണിക്ക് ബാപ്പുജി നഗറിൽ (ഇരിങ്ങൽ യു.പി സ്കൂൾ) നടക്കും. എം.എ.സി.ടി. ജഡ്ജി എ. ശങ്കരൻ നായർ ഉദ്ഘാടനം ചെയ്യും.

സബർമതി അക്കാദമി ചെയർമാൻ ഇ.ടി. രാജീവൻ അധ്യക്ഷത വഹിക്കും. പൊതു നിയമങ്ങൾ എന്ന വിഷയത്തിൽ അഡ്വ. ജി.കെ. രഞ്ജന ക്ലാസെടുക്കും.

കൈതപ്രം തൃക്കുറ്റിയേരി ക്ഷേത്രത്തിൽ ബലിതർപ്പണം

പയ്യന്നൂർ: കർക്കിടക വാവു ദിനമായ 11ന് കൈതപ്രം തൃക്കുറ്റിയേരി കൈലാസനാഥ ക്ഷേത്രത്തിൽ പിതൃതർപ്പണം നടക്കും. ബലികർമ്മം രാവിലെ 8 മണിക്കാരംഭിക്കും.

രാമായണ ചിന്തകൾ പ്രഭാഷണം 11ന്

കണ്ണൂർ: സംസ്കൃത സംഘം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 11ന് വൈകിട്ട് മൂന്നിന് മുനിസിപ്പൽ ഹൈസ്കൂളിൽ രാമായണ ചിന്തകളെക്കുറിച്ച് പ്രഭാഷണം സംഘടിപ്പിക്കും. സുനിൽ പി.ഇളയിടം പ്രഭാഷണം നടത്തുമെന്ന് സ്വാഗത സംഘം ചെയർമാനായ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി.സുമേഷ് പത്രസമ്മേളനത്തിൽ പറഞ്ഞു. ചടങ്ങ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. പത്രസമ്മേളനത്തിൽ സംസ്കൃത സംഘം ജില്ലാ പ്രസിഡണ്ട് ഡോ.കെ.എച്ച്.സുബ്രഹ്മണ്യൻ, ടി.കെ.സുധി പങ്കെടുത്തു.

ഫെൻസിങ് ടീം സെലക്ഷൻ

കണ്ണൂർ: 18 മുതൽ മഞ്ചേരിയിൽ നടക്കുന്ന സംസ്ഥാന സബ്ജൂനിയർ കാഡറ്റ് ഫെൻസിങ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കേണ്ട ജില്ലാ ടീമിനെ 11ന് തിരഞ്ഞെടുക്കും. രാവിലെ 9ന് മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിലാണ് സെലക്ഷൻ ക്യാമ്പ്. പങ്കെടുക്കുന്നവർ വയസുതെളിയിക്കുന്ന സർട്ടിഫിക്കറ്റും രണ്ട് ഫോട്ടോയും 200 രൂപ രജിസ്ട്രേഷൻ ഫീസും സഹിതം ഹാജരാകണം.

ജില്ലാ ടീമിനെ തെരഞ്ഞെടുക്കുന്നു

കണ്ണൂർ: 18, 19 തീയതികളിൽ പത്തനംതിട്ട കോന്നിയിൽ നടക്കുന്ന സംസ്ഥാന മൗണ്ടയിൻ സൈക്ലിംഗ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കേണ്ട ജില്ലാ ടീമിനെ തെരഞ്ഞെടുക്കുന്നു. 14 വയസുവരെ, 16 വയസുവരെ, 18 വയസുവരെ, 18 വയസിന് മുകളിൽ എന്നീ വിഭാഗങ്ങളിലായി പുരുഷന്മാർക്കും വനിതകൾക്കും പ്രത്യേകം മത്സരമുണ്ടായിരിക്കും. താൽപര്യമുള്ളവർ വയസ് തെളിയിക്കുന്ന സർട്ടിഫിക്കറ്റും രണ്ട് പാസ്പോർട്ട് സൈഡ് ഫോട്ടോയും സഹിതം ജവഹർ സ്റ്റേഡിയത്തിൽ 12ന് രാവിലെ 10 മണിക്ക് എത്തിച്ചേരേണ്ടതാണ്. ഫോൺ: 9446776797, 9961554288

ബാലസഭ ഉദ്ഘാടനം

പൂമംഗലം: പൂമംഗലം യു.പി സ്കൂൾ എൽ.പി വിഭാഗം ബാലസഭയുടെ ഉദ്ഘാടനം പി.ടി.എ പ്രസിഡണ്ട് പി.പി. ബാലകൃഷ്ണന്റെ അധ്യക്ഷതയിൽ ആർട്ട് എഡ്യുക്കേഷൻ സ്റ്റേറ്റ് കോർ എസ്.ആർ.ജി. അംഗമായ കെ.വി. തമ്പാൻ മാസ്റ്റർ നിർവഹിച്ചു. ഹെഡ്മാസ്റ്റർ സി. സത്യനാരായണൻ, കെ.പി. ധനഞ്ജയൻ മാസ്റ്റർ സംസാരിച്ചു.

പ്രഭാഷണ സായാഹ്നം നാളെ

കണ്ണൂർ: കെ.എൻ.എം മർക്കസുദ്ദഅവ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ചെറിയമുണ്ടം അബ്ദുൾഹമീദ് മദനി ശാസ്ത്രബോധമുള്ള ഖുർആൻ പണ്ഡിതൻ എന്ന വിഷയത്തിൽ നാളെ പ്രഭാഷണ സായാഹ്നം സംഘടിപ്പിക്കും. വൈകുന്നേരം 4.45ന് ചേമ്പർ ഹാളിൽ എ.ഡി.എം ഇ. മുഹമ്മദ് യൂസുഫ് ഉദ്ഘാടനം ചെയ്യും. കെ.എൻ.പി.ഹാരിസ് അധ്യക്ഷത വഹിക്കും. മുഹമ്മദ് കാരക്കുന്ന്, അഡ്വ.പി.വി.സൈനുദ്ദീൻ, പ്രൊഫ. കെ.പി.സക്കരിയ, റിയാസ് പുലാമന്തോൾ, പ്രൊഫ. ശംസുദ്ദീൻ പാലക്കോട്, സി.സി.ശക്കീർ ഫാറൂഖി, ടി. മുഹമ്മദ് നജീബ് പങ്കെടുക്കും.

കനിവുള്ളവരെ കാത്ത് സുജ

സുജ തന്റെ വീട്ടിൽ.

ശ്രീകണ്ഠപുരം: കരുണ വറ്റാത്ത മനസുകളെ കാത്തിരിക്കുകയാണ് ചെങ്ങളായി നെല്ലിക്കുന്നിലെ ചെരുവിൽ സുജ (49). വിട്ടുമാറാത്ത രോഗങ്ങളും മറ്റ് ദുരിതങ്ങളും പിന്തുടരുമ്പോൾ ആര് കനിയുമെന്നാണ് കണ്ണീരോടെ സുജയുടെ ചോദ്യം. പത്ത് വർഷത്തിലേറെയായി ഇരുകാലിലും വ്രണം വന്ന് പഴുത്തൊലിക്കാൻ തുടങ്ങിയതോടെ സുജയുടെ ജീവിത സ്വപ്നത്തിന് കരിനിഴൽ വീണു. പ്രമേഹത്തോടെ തുടങ്ങിയ രോഗം ചികിത്സിക്കാൻ ഉണ്ടായിരുന്ന സമ്പാദ്യമെല്ലാം ചെലവാക്കി. കടബാധ്യതയും ഏറി. പഞ്ചായത്ത് നിർമ്മിച്ചു നൽകിയ പണിതീരാത്ത വീട്ടിലാണ് താമസം.

അതിനിടെ ഭർത്താവ് ബേബി അസുഖം ബാധിച്ച് മരണപ്പെട്ടു. ദുരിത മഴ പെയ്യുന്ന വീട്ടിൽ പിന്നീട് സുജ തനിച്ചായി. പ്രായമായ അമ്മ സഹോദരന്റെ വീട്ടിലാണ് താമസം. നിലവിൽ ഭക്ഷണത്തിനും മരുന്നിനും പണമില്ല. ചികിത്സക്കായി തളിപ്പറമ്പ് താലൂക്കാശുപത്രിയിൽ പോകണമെങ്കിൽ നടക്കാൻ പറ്റാത്തതിനാൽ വണ്ടി പിടിക്കണം. അതിന് വാടക നൽകാനും പണമില്ല. ബന്ധുക്കളും അയൽവാസികളും മറ്റ് സഹായങ്ങൾ ചെയ്തു കൊടുക്കുമെന്നതാണ് ഏക ആശ്വാസം. ഏറെക്കാലം ഹോംനഴ്സായും മറ്റും ജോലി ചെയ്ത സുജയ്ക്ക് നടക്കാൻ കഴിഞ്ഞാൽ എന്തെങ്കിലും പണി ചെയ്യാനാവുമെന്ന പ്രതീക്ഷയുണ്ട്. അതിന് കരുണ വറ്റാത്ത മനസുകൾ തയ്യാറാവണം. ഫോൺ: 9847398142.

നണിയൂർ നമ്പ്രം എൽ.പി സ്കൂൾ കെട്ടിടം ഉദ്ഘാടനം 11ന്

പറശിനിക്കടവ്: നണിയൂർ നമ്പ്രം മാപ്പിള എ.എൽ.പി സ്കൂൾ പുതിയ കെട്ടിടത്തിന്റെയും ഭക്ഷണശാലയുടെയും ഉദ്ഘാടനം 11ന് വൈകുന്നേരം നാല് മണിക്ക് സ്കൂൾ ഹാളിൽ നടക്കും. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി സ്കൂൾ കെട്ടിടവും മയ്യിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പി. ബാലൻ ഭക്ഷണശാല ഉദ്ഘാടനം ചെയ്യും. ജയിംസ്മാത്യു എം.എൽ.എ അധ്യക്ഷനാകും.

സംസ്ഥാന പോലീസ് ബാസ്ക്കറ്റ്ബോൾ ചാമ്പ്യൻഷിപ്പ് ആരംഭിച്ചു

ധർമ്മശാല: 46-ാമത് കേരളാ സംസ്ഥാന പോലീസ് ആന്വൽ സ്പോർട്സ് ഗെയിംസ് ആന്റ് അത്‌ലറ്റിക് മീറ്റിന്റെ ഭാഗമായി കെ.എ.പി നാലാം ബറ്റാലിയനിൽ സംസ്ഥാന പോലീസ് ബാസ്ക്കറ്റ്ബോൾ ചാമ്പ്യൻഷിപ്പ് ആരംഭിച്ചു. ബറ്റാലിയൻ ഡെപ്യൂട്ടി കമാണ്ടന്റിന്റെ അധ്യക്ഷതയിൽ നാഷണൽ ഗെയിംസ് സ്വർണ മെഡൽ ജേതാവും കേരളാ വനിതാ ടീം ക്യാപ്റ്റനുമായ പി.എസ്.നീനുമോൾ ഉദ്ഘാടനം ചെയ്തു. ആദ്യ മത്സരത്തിൽ മലപ്പുറം ജില്ലാ പോലീസ് ടീമിനെ കെ.എ.പി അഞ്ചാം ബറ്റാലിയൻ അടൂർ ടീം 50-32 സ്കോറിന് പരാജയപ്പെടുത്തി. രണ്ടാം മത്സരത്തിൽ ജില്ലാ പോലീസ് കോട്ടയം ടീം കേരള പോലീസ് അക്കാദമി ടീമിനെ 32-24 സ്കോറിനും പരാജയപ്പെടുത്തി.

മലബാർ ദേവസ്വം എംപ്ലോയീസ് സംഘ് (BMS)
രാമായണ മാസാചരണം
രാമായണ സപര്യ
ക്വിസ് മത്സരം

മലബാർ ദേവസ്വം എംപ്ലോയീസ് സംഘിന്റെ രാമായണ സപര്യ ബി.എം.എസ്. ജില്ലാ സെക്രട്ടറി സി.വി. തമ്പാൻ ഉദ്ഘാടനം ചെയ്യുന്നു.

കമ്മ്യൂണിസ്റ്റ് ആശയങ്ങളേക്കാൾ പ്രസക്തി രാമായണ സന്ദേശത്തിന്

തളിപ്പറമ്പ: കമ്മ്യൂണിസ്റ്റ് വിപ്ലവ ആശയങ്ങളേക്കാൾ പ്രസക്തി രാമായണ സന്ദേശത്തിനുണ്ടെന്ന തിരിച്ചറിവാണ് വിപ്ലവ പാർട്ടികളെ പോലും രാമായണ മാസാചരണ പരിപാടികൾക്ക് പ്രേരിപ്പിക്കുന്നതെന്ന് ബി.എം.എസ് ജില്ലാ സെക്രട്ടറി സി.വി.തമ്പാൻ പറഞ്ഞു. മലബാർ ദേവസ്വം എംപ്ലോയീസ് സംഘ് (ബി.എം.എസ്) തളിപ്പറമ്പിൽ സംഘടിപ്പിച്ച രാമായണ സപര്യ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദേഹം. കെ.പി.പരമേശ്വരൻ അധ്യക്ഷത വഹിച്ചു. എ.പി.ഗംഗാധരൻ, എ.പി.കെ.വിനോദ്, കെ.വി.ഉണ്ണികൃഷ്ണൻ, വി.എം.ഗിരീഷ് സംസാരിച്ചു. കെ.വി.മുകേഷ് ക്വിസ് മത്സരം നിയന്ത്രിച്ചു. അഡ്വ.സി.സി.ഇന്ദുകലാധരൻ, ഇ.വേണുഗോപാൽ, കെ.വി.ശ്രീജിത്ത് സമ്മാനങ്ങൾ വിതരണം ചെയ്തു.

ഉപ്പളയിലെ അബൂബക്കർ സിദ്ധീഖിന്റെ കൊലപാതകത്തിൽ പ്രതിഷേധിച്ച് ഡി.വൈ.എഫ്.ഐ പ്രവർത്തകർ ആലക്കോട് പ്രകടനം നടത്തുന്നു

13 മാസത്തെ കൂലി നൽകാത്തതിൽ പ്രതിഷേധിച്ച് തിമിരി വാർഡിലെ തൊഴിലുറപ്പ് തൊഴിലാളികൾ ആലക്കോട് പഞ്ചായത്ത് ഓഫീസിൽ കുത്തിയിരിപ്പ് സമരം നടത്തുന്നു

കൂലിയില്ല; പഞ്ചായത്ത് ഓഫീസിൽ തൊഴിലാളികളുടെ കുത്തിയിരിപ്പ് സമരം

ആലക്കോട്: 13 മാസമായിട്ടും കൂലി നൽകാത്തതിൽ പ്രതിഷേധിച്ച് ആലക്കോട് പഞ്ചായത്ത് ഓഫീസിൽ തൊഴിലുറപ്പ് തൊഴിലാളികൾ കുത്തിയിരിപ്പ് സമരം നടത്തി. ആലക്കോട് പഞ്ചായത്ത് തിമിരി വാർഡിലെ 100 ഓളം സ്ത്രീ തൊഴിലാളികളാണ് ഇന്നലെ ഉച്ച കഴിഞ്ഞ് 2 മണി മുതൽ കുത്തിയിരിപ്പ് സമരം നടത്തിയത്. 13 മാസത്തെ കൂലിക്ക് വേണ്ടി പല തവണ പഞ്ചായത്ത് ഓഫീസിൽ കയറിയിറങ്ങി നടന്നിട്ടും നൽകാതെ അധികൃതർ കബളിപ്പിക്കുന്നതിൽ പ്രതിഷേധിച്ചാണ് എൻ.ആർ.ഇ.ജി വർക്കേഴ്സ് യൂണിയൻ നേതൃത്വത്തിൽ തൊഴിലാളികൾ സംഘടിച്ചെത്തി കുത്തിയിരിപ്പ് സമരം നടത്തിയത്. സാങ്കേതിക പ്രശ്നങ്ങളുടെ പേരിലാണത്രെ വേതനം നിഷേധിക്കുന്നതെന്ന് തൊഴിലാളികൾ പറയുന്നു. സി.പി.എം നേതാവ് പി.എം.മോഹനൻ ഉദ്ഘാടനം ചെയ്തു. എ.വി.ചന്ദ്രമതി അധ്യക്ഷത വഹിച്ചു. എം.കെ.പ്രദീപൻ മാസ്റ്റർ, രാജി രവീന്ദ്രൻ പ്രസംഗിച്ചു. പലേരി വിജയൻ സ്വാഗതം പറഞ്ഞു. വി.വി.കമലാക്ഷി, കെ.ശോഭന നേതൃത്വം നൽകി. കൂലി ഉടൻ നൽകാൻ നടപടികൾ സ്വീകരിക്കാമെന്ന് പഞ്ചായത്ത് പ്രസിഡണ്ട് മോളി മാനുവൽ, സെക്രട്ടറി പ്രസന്നകുമാർ തുടങ്ങിയവർ ഉറപ്പ് നൽകിയതിനെ തുടർന്നാണ് സമരം അവസാനിപ്പിച്ചത്. എസ്.ഐ സുനിൽകുമാറിന്റെ നേതൃത്വത്തിൽ പോലീസും സ്ഥലത്ത് എത്തിയിരുന്നു.

കെ.എസ്.ആർ.ടി.സി സർവ്വീസ് വെട്ടിക്കുറച്ചത് റദ്ദാക്കണം: സി.പി.എം

ആലക്കോട്: ജില്ലയിലെ ഏക ദേശസാൽകൃത റൂട്ടായ തളിപ്പറമ്പ്- കുടിയാൻമല റൂട്ടിൽ കെ.എസ്.ആർ.ടി.സി ബസ് സർവ്വീസുകൾ വെട്ടിക്കുറച്ച അധികൃതരുടെ നടപടി റദ്ദാക്കണമെന്ന് സി.പി.എം ആലക്കോട് ഏരിയാ കമ്മിറ്റി യോഗം ആവശ്യപ്പെട്ടു. കാലങ്ങളായി ഈ റൂട്ടിൽ 11 ബസുകളാണ് സർവ്വീസ് നടത്തിയിരുന്നത്. എന്നാൽ മുന്നറിയിപ്പൊന്നുമില്ലാതെ നാല് ബസുകളുടെ സർവ്വീസ് റദ്ദാക്കുകയായിരുന്നു. കനകക്കുന്ന്, ആശാൻകവല ഭാഗത്തേക്കുള്ള ഏക ബസ് ദിവസങ്ങളായി സർവ്വീസ് നടത്തിയിട്ട്. ഇവിടത്തെ ആളുകൾക്ക് യാത്രക്കായി മറ്റ് യാതൊരു മാർഗവുമില്ലാത്ത സമയത്താണ് കെ.എസ്.ആർ.ടി.സിയുടെ ഇരുട്ടടി. പതിറ്റാണ്ടുകൾക്ക് മുമ്പ് ഉണ്ടാക്കിയ സമയക്രമമാണ് ഇപ്പോഴും നടപ്പാക്കുന്നത്. യാത്രക്കാരുടെ ഗണ്യമായ വർധനവുണ്ടായിട്ടും അതിനനുസരിച്ച് പുതിയ സമയക്രമം നടപ്പാക്കാനോ സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കാനോ കെ.എസ്.ആർ.ടി.സി അധികൃതർ തയ്യാറാകുന്നില്ല. മറിച്ച് മലയോര ജനങ്ങളെ വീണ്ടും യാത്രാ ദുരിതത്തിലാക്കുന്നതാണ് പുതിയ നടപടി. ഇത് അടിയന്തരമായും പുനപരിശോധിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. കെ.എസ്. ചന്ദ്രശേഖരൻ അധ്യക്ഷനായി. ടി.കെ. ഗോവിന്ദൻ, കെ. എം. ജോസഫ്, എം. കരുണാകരൻ, പി.വി. ബാബുരാജ് സംസാരിച്ചു.

സംസ്ഥാന പോലീസ് ബാസ്ക്കറ്റ്ബോൾ ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം ചെയ്ത പി.എസ്. നീനുമോൾ കളിക്കാരെ പരിചയപ്പെടുന്നു.

അർഹരായവർക്ക് ക്ഷേമപെൻഷൻ നൽകണം: യു. ഡി.എഫ്.

ശ്രീകണ്ഠപുരം: അർഹരായ എല്ലാവർക്കും ഓണത്തിന് മുന്നേ ക്ഷേമ പെൻഷനുകൾ നൽകാൻ സർക്കാർ തയ്യാറാകണമെന്ന് യു.ഡി.എഫ് ഇരിക്കൂർ നിയോജക മണ്ഡലം യോഗം ആവശ്യപ്പെട്ടു. യു.ഡി.എഫ് ചെയർമാൻ തോമസ് വക്കത്താനം അധ്യക്ഷത വഹിച്ചു. കെ.വി. ഫിലോമിന, സി.കെ. മുഹമ്മദ്, പി.ജെ. ആന്റണി, എം.ഒ. മാധവൻ, എം .പി.എ. റഹിം, പി.ടി.എ. കോയ, ടി.എൻ.എ. ഖാദർ, കെ.ടി. സുരേഷ് കുമാർ തുടങ്ങിയവർ സംസാരിച്ചു.

പാന്തോട്ടം കതിർ ജനകീയ കൂട്ടായ്മയുടെ ഞാറുനടീൽ ഉത്സവം സി.പി.എം കേന്ദ്ര കമ്മിറ്റിയംഗം എം.വി. ഗോവിന്ദൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു.

ഡി.വൈ.എഫ്.ഐ പ്രതിഷേധ പ്രകടനം

ആലക്കോട്: കാസർക്കോട് ഉപ്പളയിലെ ഡി.വൈ.എഫ്.ഐ പ്രവർത്തകൻ അബൂബക്കർ സിദ്ധീഖിന്റെ കൊലപാതകത്തിൽ പ്രതിഷേധിച്ച് ഡി.വൈ.എഫ്.ഐ പ്രവർത്തകർ ആലക്കോട് പ്രകടനം നടത്തി. മനുതോമസ്, കെ.പി.മൊയ്തീൻ, പി.സന്ദീപ് നേതൃത്വം നൽകി.

ലേല പരസ്യം

നമ്പർ 1/2018
തീയതി: 04 - 08 - 2018

തളിപ്പറമ്പ സബ് രജിസ്ട്രാറുടെ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിക്കുന്നത്

തളിപ്പറമ്പ സബ് രജിസ്ട്രാർ ആഫീസ് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന പഴയ കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കാൻ ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. ആയതിനാൽ സബ് രജിസ്ട്രാർ ആഫീസ് കെട്ടിടം താഴെ പട്ടികയിൽ വിവരിച്ച പ്രകാരം പരസ്യമായി ലേലം ചെയ്ത് നൽകുവാൻ തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത ലേലത്തിൽ പങ്കെടുക്കുന്നവർ 100 രൂപ നിരതദ്രവ്യം കെട്ടിവെക്കേണ്ടതാണ്. ലേലത്തിൽ ഏറ്റവും കൂടുതൽ തുക കോട്ട് ചെയ്യുന്നവരുടെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതും അവർ ഉടൻ തന്നെ ലേല സംഖ്യയും G.S.Tയും അടക്കേണ്ടതുമാണ്. ലേല നടപടികൾ പൂർത്തിയായാൽ 10 ദിവസത്തിനുള്ളിൽ സ്വന്തം ഉത്തരവാദിത്വത്തിൽ മറ്റുസ്ഥാപനങ്ങൾക്കോ പൊതുജനങ്ങൾക്കോ നാശനഷ്ടവും അസൗകര്യവും സംഭവിക്കാതെ ലേലവസ്തു പൊളിച്ച് നീക്കം ചെയ്യേണ്ടതാണ്. പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള എല്ലാ ലേല നിബന്ധനകളും പ്രസ്തുത ലേലത്തിനും ബാധകമാണ്.

ലേലത്തിൽ പങ്കെടുക്കുന്നവർ മുദ്ര വെച്ച കവറിലുള്ള ക്വട്ടേഷൻ 10 - 08 - 2018ന് 4 മണിക്ക് മുമ്പ് തളിപ്പറമ്പ സബ് രജിസ്ട്രാർ ആഫീസിൽ എത്തിക്കേണ്ടതാണ്.

പട്ടിക

ലേല വസ്തു	ലേലതീയതി, സമയം	ലേല സ്ഥലം	നിരതദ്രവ്യം
തളിപ്പറമ്പ സബ് രജിസ്ട്രാർ ആഫീസ് കെട്ടിടം (TMC XVI. 304 നമ്പർ)	13 - 08 - 2018 വൈകുന്നേരം 4 മണി	തളിപ്പറമ്പ സബ് രജിസ്ട്രാർ ആഫീസ്	100 രൂപ

വിശ്വസ്തതയോടെ, **സബ് രജിസ്ട്രാർ**

പോത്തുകൾ വിൽപനക്ക്
വളർത്തുപോത്തുകൾ
ഇറച്ചി പോത്തുകൾ
വിൽപനക്ക്
9947882536

വീട് ആവശ്യമുണ്ട്
ഡേ കെയർ, പ്ലേ സ്കൂൾ നടത്താനാവശ്യമായി തളിപ്പറമ്പ ബസ്സ്റ്റാന്റിന് സമീപം വീട് ആവശ്യമുണ്ട്.
Contact
9567586533

വൃത്തിയും ഭംഗിയുമുള്ള അടുക്കളയ്ക്ക്
സ്റ്റാർ പുകയില്ലാത്ത അടുപ്പുകൾ
പൂക്കോത്ത്നട തളിപ്പറമ്പ | ആലക്കോട് റോഡ് മന്ന, തളിപ്പറമ്പ
Ph: 9446774253, Mob: 9961664253
പരിചയസമ്പന്നരായ തൊഴിലാളികൾ ഉത്തരവാദിത്വത്തോടുകൂടി നിർമ്മിച്ചു കൊടുക്കുന്നു

8 മാസം കൊണ്ട് PSC അംഗീകൃത SSLC, +2 NIOS
(Humanities, Commerce)
- 5 വിഷയങ്ങൾ മാത്രം, മലയാളത്തിൽ പരീക്ഷ എഴുതാവുന്നതാണ്.
- +2/PDC പരാജയപ്പെട്ടവർക്ക് പരാജയപ്പെട്ട വിഷയങ്ങൾ മാത്രമെഴുതി പാസാകാവുന്നതാണ്.

Regular, Sunday, Postal Batches
മഹാത്മ കോളേജ്
Estd 1991
NH, തളിപ്പറമ്പ
Mob: 9947790266